"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - പ്രതികൂല കാലാവസ്ഥ സംബന്ധിച്ച മുന്നറിയിപ്പ് കാരണം 15 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട സമുദ്ര മത്സ്യത്തൊഴിലാളി - അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ച് - ഉത്തരവാകുന്നു

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.64/2023/F&P തീയതി, തിരുവനന്തപുരം, 20-01-2023

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 11/10/2022-ലെ DFTVM/2543/2022-N3 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി, രജിസ്റ്റർ ചെയ്ത 1,31,347 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളും, 35,409 അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങളും ഉൾപ്പെടെ ആകെ 1,66,756 കുടുംബങ്ങൾ ഉണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയച്ചതിൻ പ്രകാരം, 2022 ഏപ്രിൽ, മെയ്, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി, അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് മൂലം ആകെ 15 മത്സ്യബന്ധന ദിനങ്ങൾ ഇവർക്ക് നഷ്ടപ്പെട്ടിട്ടുണ്ട് എന്നും, ആയതിനാൽ ഒരു കുടുംബത്തിന് ഒരു ദിവസം 200 രൂപ വീതം കണക്കാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുന്നതിന്, ആകെ 50.027 കോടി രൂപ അനുവദിക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 ഏപ്രിൽ, മെയ്, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക്, ഒരു ദിവസം 200 രൂപ വീതം കണക്കാക്കി, നഷ്ടപരിഹാരം അനുവദിയ്ക്കുന്നതിന് ആകെ 50.027 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു.

3 ) ഇതിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫിഷറീസ് ഡയറക്ടർക്ക് നൽകുന്നതിനായി റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K S SRINIVAS

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരള, തിരുവനന്തപുരം.
റവന്യൂ വകുപ്പ് ( 10/01/2023-ലെ Rev-DRF-A1/ 162/2022-REV നമ്പർ കുറിപ്പ് പ്രകാരം).
ധനകാര്യ വകുപ്പ് (01/12/22-ലെ 2233582/FUNDS-1/85/2022-FIN നമ്പർ കുറിപ്പ് പ്രകാരം).
പൊതുഭരണ (എസ്.സി.) വകുപ്പ് (19/01/2023-ലെ ഇനം നം.1322 പ്രകാരം)
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ, ഐ & പി.ആർ.ഡി. ( വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ